Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2020/1515-6 (2) തീയതി : 02.06.2020

## സർക്കുലർ

വിഷയം:- **കൈറ്റ് - സ്കൂൾ കുട്ടികൾക്ക് സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക ക്ലാസുകൾ (ഫസ്റ്റ് ബെൽ) ടി.വി. ഇന്റർനെറ്റ് സൗകര്യങ്ങളില്ലാത്ത വിദ്യാർത്ഥികൾക്ക് കാണുന്നതിനായി ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി വിന്യസിച്ച ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്**

സൂചന : - 1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
2. സ. ഉ(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019
3. ഈ ഓഫീസിലെ 07.05.2020 ലെ KITE/2020/1515-6 (1) സർക്കുലർ.
4. സ. ഉ(സാധാ) നം. 1756/2020/പൊ.വി.വ തീയതി 29.05.2020.
5. ഡി.ജി.ഇ.യുടെ 30.05.2020 ലെ ക്യു.ഐ.പി.(1)/9141/2020/ഡി.ജി.ഇ സർക്കുലർ.

ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ ഒന്നു മുതൽ പത്തുവരെയും പന്ത്രണ്ടാം ക്ലാസിലേയും ക്ലാസുകൾ കാണുന്നതിന് കുട്ടികൾക്ക് വീട്ടിലോ സമീപത്തോ ടെലിവിഷൻ കണക്ഷനോ ഇന്റർനെറ്റോ ആവശ്യമുണ്ട്. എന്നാൽ ഇത്തരം സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി, ഒരു കുട്ടിയ്ക്കും ക്ലാസുകൾ കാണാൻ അവസരം ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴവാക്കേണ്ടതാണെന്ന് സൂചന 4 ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂചന 5 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറത്തിറക്കിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി നമ്മുടെ സ്കൂളുകളിൽ 1.2 ലക്ഷം ലാപ്ടോപ്പുകളും 70,000 പ്രൊജക്റ്ററുകളും 4545 ടെലിവിഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളുമായി സൂചന 1 പ്രകാരവും പ്രൈമറി-അപ്പർ പ്രൈമറി സ്കൂളുകളുമായി സൂചന 2 പ്രകാരവും കൈറ്റ് പ്രത്യേക ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രങ്ങളിൽ കൈറ്റ് ആവശ്യപ്പെടുന്നതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് സ്കൂളുകൾ ഉപകരണങ്ങൾ ലഭ്യമാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. വീട്ടിലും സമീപത്തും ക്ലാസുകൾ വീക്ഷിക്കുന്നതിന് അവസരമില്ലാത്ത കുട്ടികൾക്ക് (ടി.വി കണക്ഷനും ഇന്റർനെറ്റും ഇല്ലാത്ത) സൂചന 4, 5 ഉത്തരവ്/സർക്കുലർ പ്രകാരം നിർദേശിച്ച ബദൽ സംവിധാനങ്ങളിലൂടെ സൗകര്യം ഒരുക്കാനായി ഉപകരണങ്ങൾ പര്യാപ്തമാവാത്ത സാഹചര്യമുണ്ടെങ്കിൽ ഇതിനായി സ്കൂളുകളിൽ ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കൈറ്റ് ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്.

2. ഏത് പ്രദേശത്തേക്ക് ഏത് ഉപകരണമാണ് ആവശ്യമുള്ളത് എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടെ സഹായത്തോടെ പ്രഥമാധ്യാപകർ കണ്ടെത്തേണ്ടതും ഇതിനായി ചുമതലപ്പെടുത്തിയവർക്ക് ആവശ്യമായ ഉപകരണങ്ങൾ താൽക്കാലിക ഉപയോഗത്തിനായി നൽകേണ്ടതുമാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള സ്കൂളുകളുടെ പട്ടികയും അവിടെ ലഭ്യമായിട്ടുള്ള ഉപകരണങ്ങളുടെ ലിസ്റ്റും **www.samethanı.kite.kerala.gov.in** ൽ **'HiTech Schools'** എന്ന ലിങ്കുവഴി ലഭിക്കുന്നതാണ്. ഇതിനനുസരിച്ചുള്ള ആസൂത്രണം ആവശ്യകത അനുസരിച്ച് സ്കൂൾ തിരിച്ചോ, തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചോ നടത്താവുന്നതാണ്.

4. വാർഡ്/ഡിവിഷൻ തലത്തിൽ ചുമതലപ്പെടുത്തുന്ന അധ്യാപകർക്കോ അല്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കോ ആവശ്യകത ഉറപ്പാക്കി ഉപകരണങ്ങൾ രസീത് വാങ്ങി നൽകാവുന്നതാണ്. ഉപകരണങ്ങളുടെ കൃത്യമായ പരിരക്ഷ ഉറപ്പുവരുത്തിയും ഉപയോഗശേഷം തിരിച്ചേൽപ്പിക്കുന്ന വിധത്തിലുമാണ് കൈമാറേണ്ടത്.

5. നാലുവരെ കുട്ടികൾക്ക് ഒരേ സമയം കാണാൻ ഒരു ലാപ്ടോപ്പ് ഉപയോഗിക്കാം. കൂടുതൽ കുട്ടികളുണ്ടെങ്കിൽ ഒന്നിലധികം ലാപ്ടോപ്പുകളോ ലാപ്ടോപ്പും പ്രൊജക്ടറും കൂടിയോ കേബിൾ/ഡി.ടി.എച്ച്. സൗകര്യം ഉണ്ടെങ്കിൽ ടി.വി. വഴിയോ കാണിക്കാം. ക്ലാസ് മുറികളിൽ മൗണ്ട് ചെയ്തിട്ടുള്ള പ്രൊജക്ടറുകൾ ഈ ആവശ്യത്തിന് ഒഴിവാക്കേണ്ടതാണ്. എന്നാൽ അത്യാവശ്യം ഉപയോഗിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ കൈറ്റ് ജില്ലാ ഓഫീസിന്റെ അനുമതി വാങ്ങേണ്ടതാണ്.

6. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഇത് സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരായിരിക്കണം. ഇതിന് ആവശ്യമെങ്കിൽ സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ/കൈറ്റ് മാസ്റ്റർ/ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്താം.

7. സ്കൂളിലെ ബ്രോഡ്ബാൻഡ് സംവിധാനം ഉപയോഗിച്ച് നേരത്തേ **youtube.com/itsvicters** ൽ നിന്നും ഡൗൺലോഡ് ചെയ്ത ക്ലാസുകളുടെ വീഡിയോ ഉൾപ്പെടുത്തിയ ലാപ്ടോപ്പുകളാണ് നൽകേണ്ടത്. ഇത് ഇടവിട്ട ദിവസങ്ങളിൽ ആവർത്തിക്കാവുന്നതാണ്.

8. ഐ.ടി. ഉപകരണങ്ങൾക്ക് സ്കൂളിനു പുറത്ത് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തതിനാലും ഫിസിക്കൽ ഡാമേജ് വാറണ്ടിയുടെ പരിധിയിൽ വരാത്തതിനാലും വളരെ ശ്രദ്ധാപൂർവം ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും സൂക്ഷിക്കാനും സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ട താണ്. സൂചന 3 ലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഉപയോഗിക്കുന്ന സ്ഥലത്തിന് മതിയായ സുരക്ഷ ഇല്ലെങ്കിൽ അടുത്തുള്ള സുരക്ഷിതമായ കേന്ദ്രത്തിലോ അല്ലെങ്കിൽ സ്കൂളിൽ തന്നെയോ ആവണം ഉപകരണങ്ങൾ (പ്രത്യേകിച്ചും രാത്രിയിൽ) എല്ലാ ദിവസവും സൂക്ഷിക്കേണ്ടത്.

9. ഫസ്റ്റ് ബെൽ പഠന പ്രവർത്തനങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

10. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ രേഖപ്പെടുത്തലുകൾ വിതരണ രജിസ്റ്ററിൽ വരുത്തി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

11. ആവശ്യമായ സാങ്കേതിക നിർദേശങ്ങൾക്കായി സ്കൂളുകൾ കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടേണ്ടതാണ്.

12. കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചുകൊണ്ടായിരിക്കണം എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

1. ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
2. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ഡയറക്ടർ, എസ്.എസ്.കെ.
ഡയറക്ടർ, എസ്.ഐ.ഇ.ടി.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ

നം. ക്യുഐപി(1)/9141/2020/ഡിജിഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി - **30/05/2020**

## <u>സർക്കുലർ</u>

**വിഷയം:** വിക്ടേഴ്സ് ചാനൽ വഴിയും മറ്റുസങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയും നടത്തുന്ന ഓൺലൈൻ ക്ലാസുകൾ - സംബന്ധിച്ച്.

**സൂചന:** 29/05/2020 ലെ സ.ഉ (സാധാ) നം 1756/2020/പൊ.വി.വ.

കോവിഡ് 19 ലേക്ഡൗൺ പശ്ചാത്തലത്തിൽ ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യം ഇല്ലാത്തതിനാൽ പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുന:ക്രമീകരിക്കുന്നതിന് സർക്കാർ സൂചനപ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് 2020 ജൂൺ 1 മുതൽ വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ലഭ്യമായ ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

### <u>സ്കൂൾ മേധാവി ഉറപ്പാക്കേണ്ട കാര്യങ്ങൾ:</u>

- എല്ലാ കുട്ടികളും ക്ലാസ് വീക്ഷിക്കുന്നു എന്നത് ഉറപ്പാക്കുക.
- ക്ലാസ് കാണാൻ നിവൃത്തിയില്ലാത്ത ഏതെങ്കിലും കുട്ടികളുണ്ടെങ്കിൽ അവരെ കണ്ടെത്തി ക്ലാസ് കാണാനുള്ള സൗകര്യം അയൽപക്ക കേന്ദ്രങ്ങളിൽ ഒരുക്കാം.
  (അയൽപക്ക കേന്ദ്രങ്ങൾ: വായനശാലകൾ, അംഗൻവാടി, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഒരുക്കുന്ന കേന്ദ്രങ്ങൾ, കുടുംബശ്രീ ഒരുക്കുന്ന കേന്ദ്രങ്ങൾ, എസ്.എസ്.കെ കേന്ദ്രങ്ങൾ).
- മേൽ സൂചിപ്പിച്ച കേന്ദ്രങ്ങളിലെ തയ്യാറെടുപ്പുകൾക്കായി ബന്ധപ്പെട്ടവരുടെ സഹകരണം തേടുക.
- സംപ്രേഷണ ടൈംടേബിൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും മുൻകൂട്ടി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- അദ്ധ്യാപകരുടെ മുന്നൊരുക്കം, ക്ലാസ്സ് വീക്ഷിക്കൽ, കുട്ടികളുടെ സംശയനിവാരണങ്ങൾ, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പ്രധാനാദ്ധ്യാപകൻ കൃത്യമായ മേൽനോട്ടം നിർവ്വഹിക്കണം.
- നവമാധ്യമ സാധ്യത പ്രയോജനപ്പെടുത്തി എസ്.ആർ.ജി കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണം. ആദ്യ എസ്.ആർ.ജി രണ്ടു ദിവസത്തെ സംപ്രേഷണത്തിനുശേഷം കൂടുക.

### <u>അദ്ധ്യാപകർ ഉറപ്പാക്കേണ്ട കാര്യങ്ങൾ:</u>

- തന്റെ ക്ലാസിലുള്ള ഒരു കുട്ടി പോലും പഠന പരിപാടിയിൽ നിന്ന് ഒഴിവാകുന്നില്ല എന്ന് ഉറപ്പാക്കണം.
- ക്ലാസ് കാണാൻ നിവൃത്തിയില്ലാത്ത കുട്ടികളുടെ എണ്ണം ക്രോഡീകരിച്ച് ഇക്കാര്യം സ്കൂൾ മേധാവിയുടെ ശ്രദ്ധയിൽ കൊണ്ടു വരിക.

- സംപ്രേഷണ ടൈംടേബിൾ മനസ്സിലാക്കിവയ്ക്കുകയും ഇക്കാര്യങ്ങൾ എല്ലാ കുട്ടികളും രക്ഷകർത്താക്കളും അറിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുക.
- അദ്ധ്യാപകർ ക്ലാസ് സസൂക്ഷ്മം വീക്ഷിക്കണം. തന്റെ കുട്ടികളുടെ സാഹചര്യത്തിനനുസരിച്ച് എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ, മെച്ചപ്പെടുത്തലുകളോ ആവശ്യമുണ്ടെങ്കിൽ അത് സാമൂഹ്യ മാധ്യമങ്ങൾ വഴി കുട്ടികളുമായി പങ്കുവെക്കണം.
- കുട്ടികളുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തണം.
- ക്ലാസ്സിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ പിന്തുണയും പ്രോത്സാഹനവും കുട്ടികൾക്ക് നൽകണം. ഭിന്നശേഷിക്കാർ, വീട്ടിൽ സഹായിക്കാൻ മുതിർന്നവരില്ലാത്ത കുട്ടികൾ എന്നിവർക്ക് സഹായം കൂടിയേതീരൂ. ഇതിനായി ബദൽ ക്രമീകരണം കൂടിയാലോചിച്ച് തീരുമാനിക്കണം.
- രക്ഷകർത്താക്കളുമായി നിരന്തരം ബന്ധം പുലർത്തുകയും അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി സ്കൂൾ അധികൃതരെ അറിയിക്കുകയും ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രദ്ധിക്കുകയും വേണം.
- കുട്ടി, രക്ഷിതാവ് എന്നിവരിൽ നിന്ന് ഫീഡ്ബാക്ക് സ്വീകരിക്കണം. അതുപോലെ കുട്ടികളുടെ സൃഷ്ടികൾ ശേഖരിച്ച് പരിശോധിച്ച് അംഗീകരിക്കുകയും മറ്റുള്ളവരുമായി പങ്കുവെയ്ക്കുകയും വേണം.
- രക്ഷാകർത്താക്കളെ ചേർത്ത് ക്ലാസ്/വിഷയതല ഗ്രൂപ്പ് നവമാദ്ധ്യമങ്ങൾ വഴി രൂപീകരിക്കുകയും അത് ഫലപ്രദമായി കുട്ടികൾക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്നതാണ്. ഈഗ്രൂപ്പുകൾ പഠനകാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടു ത്തേണ്ടതുണ്ട്.

വിക്ടേഴ്സ് ചാനലിനു പുറമെ താഴെ പറയുന്ന ലിങ്കുകളിലും ക്ലാസുകൾ ലഭ്യമാകും.

www.victers. kite.kerala.gov.in

facebook.com/victors educhannel

youtube.com/itsvicters

- ഈ പ്രവർത്തനങ്ങളിൽ ഏർപ്പടുന്ന എല്ലാ ഘട്ടങ്ങളിലും കൊവിഡ് 19 സംബന്ധിച്ച മാർഗ്ഗരേഖാ വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പാക്കണം.
- സൈബർ സുരക്ഷാ സംബന്ധമായ ജാഗ്രതകൾ പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**സ്വീകർത്താക്കൾ:**

1. ഡയറക്ടർ എസ് സി ഇ ആർ ടി
2. ഡയറക്ടർ സമഗ്ര ശിക്ഷ കേരളം
3. സി ഇ ഒ പൊതുവിദ്യാഭ്യസസംരക്ഷണയജ്ഞം
4. സി ഇ ഒ കൈറ്റ്
5. ഡയറക്ടർ എസ് ഐ ഇ ടി
6. ഡയറക്ടർ സീമാറ്റ്

7. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
8. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ വിഭാഗം)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
10. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
11. എല്ലാ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം ജില്ലാ കോർഡിനേറ്റർമാർക്കും
12. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
13. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
14. എല്ലാ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി / എ.ഡി മാർ മുഖേന)
15. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2020 ജൂൺ 01 മുതൽ സംസ്ഥനത്തെ സ്കൂൾ കുട്ടികൾക്ക് സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക ക്ലാസുകൾ ('ഫസ്റ്റ് ബെൽ') നടത്തുന്നതിനും കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1756/2020/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 29.05.2020

---

പരാമർശം: കൈറ്റ് സി.ഇ.ഒ.യുടെ 27.05.2020-ലെ കൈറ്റ്/2020/1035-2 (36) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യം ഇല്ലാത്തതിനാൽ പരമാവധി സാദ്ധ്യായ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അവധിദിനങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ലഭ്യമായ ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ ക്രമീകരിക്കേണ്ടതാണ്. ഇത് ക്ലാസ് മുറിയിൽ നടക്കേണ്ട പഠനപ്രവർത്തനങ്ങൾക്ക് പകരമല്ല, മറിച്ച് ഈ സമയത്ത് കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ സജ്ജമാക്കുന്നതിനാണ്. 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ 11 ഒഴികെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് ഇത്തരത്തിൽ അവസരം ഒരുക്കുന്നത്. പ്രസ്തുത ക്ലാസുകൾ സജ്ജമാക്കുന്നതിനും സംപ്രേഷണം ചെയ്യുന്നതിനും തുടർപ്രവർത്തനങ്ങൾക്കും താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എസ്.സി.ഇ.ആർ.ടി., കൈറ്റ്, എസ്.എസ്.കെ, എസ്.ഐ.ഇ.ടി എന്നീ ഏജൻസികൾ വിവിധ ക്ലാസുകളിലേക്കുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി സമയബന്ധിതമായി സംപ്രേഷണം നടത്തുന്നതിന് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ അക്കാദമിക മേൽനോട്ടം എസ്.സി.ഇ.ആർ.ടി-യും സാങ്കേതിക കോർഡിനേഷൻ കൈറ്റും നടത്തേണ്ടതാണ്.

2) മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയങ്ങളിലാണ് ഓരോ ക്ലാസിലേയ്ക്കുമുള്ള സംപ്രേഷണം നടത്തേണ്ടത്. പ്രഖ്യാപിക്കുന്ന ക്ലാസുകൾ കൃത്യമായി സംപ്രേഷണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ കൈറ്റ് ഒരുക്കേണ്ടതും സംപ്രേഷണ ഷെഡ്യൂൾ വെബ്സൈറ്റ്, കൈറ്റ് വിക്ടേഴ്സ് ചാനൽ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ പ്രസിദ്ധീകരിക്കുന്നതിന് കൈറ്റ് പ്രത്യേക ക്രമീകരണം ഒരുക്കേണ്ടതുമാണ്.

3) കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം കൈറ്റ് വിക്ടേഴ്സിന്റെ വെബിലും, മൊബൈൽ ആപ്പിലും, സോഷ്യൽ മീഡിയാ പേജുകളിലും മറ്റും ലഭ്യമാക്കേണ്ടതാണ്. കുട്ടികൾക്ക് ഇതിൽ ഏതെങ്കിലും മാർഗത്തിലൂടെ ക്ലാസുകൾ കാണുന്നതിന് അവസരം ഉണ്ടെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകരും ക്ലാസ് അധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്. കൈറ്റ് വിക്ടേഴ്സ് ലഭിക്കുന്ന ടി.വി കണക്ഷൻ വഴിയും അതില്ലെങ്കിൽ ഇന്റർനെറ്റ് വഴിയും പാഠഭാഗങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതാണ്.

4) വീട്ടിൽ ടി.വി., സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും ക്ലാസുകൾ കാണാൻ അവസരം ഒരുക്കേണ്ടതാണ്. അതിനായി ക്ലാസ് ടീച്ചർ കുട്ടിയുമായി ആശയവിനിമയം നടത്തി പ്രഥമാധ്യാപകരുമായി ആലോചിച്ച് ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഓരോ ദിവസവും വ്യത്യസ്ത ക്ലാസുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് ക്ലാസുകളുടെ സംപ്രേഷണം എന്നതിനാൽ അത്രയും സമയം കാണാനോ അല്ലെങ്കിൽ പിന്നീട് വെബ്ബിൽ നിന്നും കാണാനോ ആണ് സൗകര്യം ഒരുക്കേണ്ടത്. ഇതിന് ഓരോ പ്രദേശത്തിന്റേയും കുട്ടിയുടേയും സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തങ്ങളായ മാർഗങ്ങൾ അനുവർത്തിക്കേണ്ടി വന്നേക്കാം. അടുത്ത് താമസിക്കുന്ന സഹപാഠിയുടെയോ, അയൽ വീടുകളിലെയോ, ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയോ ടി.വി/ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ കോർഡിനേറ്റർമാർ, എസ്.പി.സി, എൻ.എസ്.എസ്. വാളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആകാം. ഇങ്ങനെ ക്ലാസുകൾ കാണുന്നതിന് അവസരം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ട് മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിലെ ഐടി സംവിധാനങ്ങളും ഉപയോഗിക്കാവുന്നതാണ്.

5) ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിനു മുമ്പും ശേഷവും ക്ലാസ് ടീച്ചർമാർ സോഷ്യൽ മീഡിയയോ/ഫോണോ രണ്ടുമില്ലെങ്കിൽ മറ്റു സംവിധാനങ്ങളിലൂടെയോ (തൊട്ടടുത്ത വീട്ടിലെ ഫോൺ, അക്ഷയ കേന്ദ്രങ്ങൾ, നേരിട്ട്... എന്നിങ്ങനെ) അവരുടെ ക്ലാസുകളിലെ കുട്ടികളുമായി ആശയവിനിമയം നടത്തേണ്ടതും കുട്ടിക്ക് ക്ലാസുകൾ കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയനിവാരണത്തിനുള്ള അവസരവും ഒരുക്കേണ്ടതാണ്. ഇത് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

6) ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികൾക്ക് പ്രത്യേകമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കി കുട്ടികളിലേക്ക് എത്തിക്കാനും അതിന്റെ മോണിറ്ററിംഗിനും എസ്.എസ്.കെ സൗകര്യം ഒരുക്കേണ്ടതാണ്.

7) ഉള്ളടക്കം സംപ്രേഷണം ചെയ്യുന്നതും, എപ്പോഴും ഉപയോഗിക്കാനായി വെബിൽ നൽകുന്നതും പൂർണമായും സൗജന്യമായാണ്. ഇത് കുട്ടികൾക്കു മാത്രമല്ല, അധ്യാപകർക്കും, രക്ഷിതാക്കൾക്കും, പൊതുജനങ്ങൾക്കുമെല്ലാം സംപ്രേഷണ സമയത്തോ, പിന്നീടോ (വെബിൽ) കാണാവുന്നതാണ്. അതിനാൽ വൈദ്യുതി തടസം, കേബിൾ-ഇന്റർനെറ്റ് സംവിധാനങ്ങൾ ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ സംപ്രേഷണ സമയത്ത് ക്ലാസുകൾ കുട്ടിക്ക് കാണാൻ കഴിഞ്ഞില്ലെങ്കിൽ പുനഃസംപ്രേഷണ സമയത്തോ, കൈറ്റ് വിക്ടേഴ്സ് യുട്യൂബ് ലിങ്ക് വഴിയോ (youtube.com/itsvicters) സൗകര്യപ്രദമായ സമയത്ത് ക്ലാസുകൾ കാണുന്നതിന് ക്രമീകരണം ഒരുക്കേണ്ടതാണ്.

8) ജൂൺ 1 മുതലുള്ള പ്രത്യേക ക്ലാസുകൾ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിടുന്നുണ്ടെങ്കിൽ പ്രഥമാധ്യാപകർ പിടി.എ യുടെയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തേണ്ടതാണ്.

9) ഒരു കുട്ടിക്ക്പോലും (വീട്ടിൽ ടി.വി.യും, സ്മാർട്ട് ഫോണും, ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ അവസരം ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കേണ്ടതാണ്. ഇതിനായി മുൻ ഖണ്ഡികയിൽ പരാമർശിക്കുന്നപോലെ ക്ലാസ് ടീച്ചർ കുട്ടിയുമായി സംസാരിച്ച് അവർക്കുള്ള സൗകര്യ ലഭ്യത ആദ്യമേ മനസിലാക്കേണ്ടതാണ്. ഓരോ ദിവസവും വ്യത്യസ്ത ക്ലാസുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് ക്ലാസുകളുടെ സംപ്രേഷണം

എന്നതിനാൽ അത്രയും സമയം കാണാനോ അല്ലെങ്കിൽ പിന്നീട് വെബ്ബിൽ നിന്നും കാണാനോ ആണ് സൗകര്യം ഒരുക്കേണ്ടതാണ്.

10) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാ നിർദേശങ്ങൾ പൂർണമായും പാലിച്ചു കൊണ്ടായിരിക്കണം ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.മുരളീധരൻ**

**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.എസ്.കെ, തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.ടി, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

No. KITE/2020/1515-6 (1) തീയതി : 07.05.2020

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതി - സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതും പരിരക്ഷിക്കുന്നതും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : -1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.

2. സ. ഉ(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019

3. ഈ ഓഫീസിലെ 22.03.2019 ലെ KITE/2019/1515-6 (1) നമ്പർ സർക്കുലർ

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2020 ലെ ആർ&ആർ(1)/90070/2020/ ഡിജിഇ നമ്പർ സർക്കുലർ.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പ്രൈമറി വിഭാഗം ഉൾപ്പെടെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.സി.ടി. ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം സൂചന 3 പ്രകാരം സർക്കുലർ പുറത്തിറക്കിയിട്ടുണ്ട്. സൂചന 4-ലെ സർക്കുലറിൽ ഐസിടി ഉപകരണങ്ങളുടെ ഉപയോഗം, പരിരക്ഷ എന്നിവ സംബന്ധിച്ച് കൈറ്റ് പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തിലെ 1 മുതൽ 12 വരെ ക്ലാസുകളുള്ള 16026 സ്കൂളുകളിലായി 116259 ലാപ്ടോപ്പ്, 67194 പ്രൊജക്ടർ, 4545 ടെലിവിഷൻ, 4611 പ്രിന്റർ, 4720 വെബ്ക്യാം, 4578 ഡി.എസ്.എൽ.ആർ ക്യാമറ, 97655 യു.എസ്.ബി സ്പീക്കർ തുടങ്ങിയ ഉപകരണങ്ങൾ ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കൈറ്റ് വിന്യസിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐസിടി ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഉപകരണങ്ങൾ പരിരക്ഷിക്കുന്നത് സംബന്ധിച്ച വീഡിയോ **www.kite.kerala.gov.in** ൽ ലഭ്യമാണ്.

### ലാപ്ടോപ്പ്

1. ലാപ്ടോപ്പ് ഉൾപ്പെടെയുള്ള ഐ.ടി. ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് അവയുടെ പരിരക്ഷ അനിവാര്യമാണ്. അതിനാൽ സ്കൂൾ അവധിക്കാലത്ത് ലാപ്ടോപ്പുകൾ ശരിയായി Shut Down ചെയ്ത് പവർ അഡാപ്റ്റർ വിച്ഛേദിച്ച് ബാഗുകളിൽ സൂക്ഷിക്കേണ്ടതാണ്.

2. ലാപ്ടോപ്പ് Shut Down ചെയ്യുന്നതിന് മുമ്പ് ഡ്രൈവിൽ സി.ഡി./ഡി.വി.ഡി ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3. രണ്ടാഴ്ചയിലധികം തുടർച്ചയായി ലാപ്ടോപ്പ് ഉപയോഗിക്കാതിരിക്കുകയോ ചാർജ് ചെയ്യാതിരിക്കുകയോ ചെയ്യുന്നത് ലാപ്ടോപ്പിന്റെ ബാറ്ററിയെ ബാധിക്കും. അതിനാൽ സ്കൂൾ അവധിക്കാലത്ത് രണ്ടാഴ്ചയിലൊരിക്കലെങ്കിലും ലാപ്ടോപ്പ് ഓൺ ആക്കിയും ചാർജ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

4. ലാപ്ടോപ്പ് പോലെയുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഈർപ്പമുള്ള സ്ഥലങ്ങളിൽ സൂക്ഷിക്കുന്നത് ഉപകരണത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. അതിനാൽ ബാഗിനുള്ളിൽ ഈർപ്പമുണ്ടാകാതിരിക്കുന്നതിന് ലാപ്ടോപ്പിനോടൊപ്പം സിലിക്കാ ജൽ സൂക്ഷിക്കേണ്ടതാണ്.

5. കമ്പ്യൂട്ടർ ലാബുകളിലും ഹൈടെക് ക്ലാസ് മുറികളിലുമുള്ള ലാപ്ടോപ്പുകളിൽ മഴവെള്ളം വീഴാത്തവിധം സൂക്ഷിക്കേണ്ടതാണ്.

6. സ്കൂൾ അവധിക്കാലത്തും ഇടിമിന്നൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ലാപ്ടോപ്പിന്റെ പവർ അഡാപ്റ്റർ അഴിച്ചുവെക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. സ്കൂളിന് ആവശ്യമുള്ള പ്രധാന ഡാറ്റയുടെ ബാക്ക്-അപ്പ് എടുത്ത് സൂക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. ലാപ്ടോപ്പിന് മുകളിൽ ഭാരമുള്ള വസ്തുക്കൾ വെക്കുകയോ ഡിസ്പ്ലെ വളയ്ക്കുകയോ ചെയ്യരുത്.

9. ലാപ്ടോപ്പ് അടങ്ങിയ ബാഗുകൾ ഒന്നിന് മുകളിൽ ഒന്നായി അടുക്കി വയ്ക്കരുത്. സ്ഥലപരിമിതി ഉണ്ടെങ്കിൽ ലാപ്ടോപ്പുകൾ ചരിച്ച് വെക്കേണ്ടതാണ്.

10. ലാപ്ടോപ്പ് വീണ്ടും ഉപയോഗിക്കുന്നതിന് മുമ്പ് വൃത്തിയുള്ളതും മൃദുവായതുമായ തുണികൊണ്ട് വൃത്തിയാക്കേണ്ടതാണ്.

11. ലാപ്ടോപ്പ് ലിഡ് അടയ്ക്കുന്നതിന് മുമ്പ് അതിനുള്ളിൽ മറ്റ് വസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## മൾട്ടിമീഡിയ പ്രൊജക്ടർ

12. സ്കൂൾ അവധിക്കാലത്ത് പ്രൊജക്ടർ ഓഫാക്കി പവർ കേബിളുകൾ വിച്ഛേദിക്കേണ്ടതാണ്.

13. ഉപകരണങ്ങളിൽ പൊടി, വെള്ളം തുടങ്ങിയവ വീഴാത്തവിധവും പല്ലി, ചിലന്തി, പാറ്റ തുടങ്ങിയ ജീവികൾ അകത്ത് കടക്കാത്തവിധവും എല്ലാ പ്രൊജക്ടറുകളും പൊതിഞ്ഞു സൂക്ഷിക്കേണ്ടതാണ്.

14. ഇടിമിന്നൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പവർ കേബിൾ അഴിച്ചു വെക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

15. പ്രൊജക്ടർ വീണ്ടും ഉപയോഗിക്കുന്നതിന് മുമ്പ് മൃദുവായ തുണികൊണ്ട് ക്ലീൻ ചെയ്യുക.

16. ദീർഘകാലം ഉപയോഗിക്കുന്നില്ലെങ്കിൽ റിമോട്ടിന്റെ ബാറ്ററി അഴിച്ച് വെക്കേണ്ടതാണ്.

17. അറ്റകുറ്റ പണികൾ, പെയിന്റിംഗ് എന്നിവ നടക്കുന്ന അവസരങ്ങളിലും പൊടിപിടിക്കാത്ത വിധത്തിൽ സൂക്ഷിച്ചുവെക്കണം.

18. പ്ലാസ്റ്റിക്ക് കവർ ഉപയോഗിച്ച് പൊതിഞ്ഞു വെക്കുമ്പോൾ ഓൺ ചെയ്യുന്ന അവസരത്തിൽ കവർ അഴിച്ച് മാറ്റേണ്ടതാണ്.

19. പ്രൊജക്ടറിന്റെ ലെൻസ് നനവ്, പൊടി, എണ്ണമയം, മൺതരി തുടങ്ങിയ ഏതെങ്കിലും വസ്തുക്കളുള്ള തുണികൊണ്ട് തുടയ്ക്കരുത്, ലെൻസിന് കേട്പാട് സംഭവിക്കാം. അതിനാൽ ഫ്ലാനൽ ക്ലോത്തോ ലെൻസ് വൃത്തിയാക്കുന്നതിന് പ്രത്യേകം ലഭിക്കുന്ന ബഫർ ബലൂണും ബ്രഷും ഉപയോഗിക്കാവുന്നതാണ്.

## ഡി.എസ്.എൽ. ആർ. ക്യാമറ

20. ക്യാമറ ഉപയോഗിക്കാത്ത അവസരങ്ങളിൽ ബാറ്ററി ക്യാമറയിൽ നിന്നും വേർപെടുത്തി സൂക്ഷിക്കേണ്ടതാണ്.
21. ക്യാമറയിൽ പൊടി, ഉപ്പ്, മണൽ, എണ്ണമയമുള്ള വസ്തുക്കൾ, ഈർപ്പം തുടങ്ങിയവയുടെ സാന്നിദ്ധ്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.
22. ക്യാമറയുടെ ലെൻസ് വൃത്തിയായി സൂക്ഷിക്കുക. ലെൻസ് വൃത്തിയാക്കുന്നതിന് Soft cloth/Micro fiber എന്നിവ മാത്രം ഉപയോഗിക്കേണ്ടതാണ്.
23. ക്യാമറയും ക്യാമറയുടെ ഘടകങ്ങളും കാന്തിക വലയം ഉള്ള സ്ഥലങ്ങളിൽ സൂക്ഷിക്കരുത്.
24. കെമിക്കലുകൾ സൂക്ഷിക്കുന്ന ലാബുകളിലും, ഈർപ്പം ധാരാളമായി തങ്ങിനിൽക്കാൻ സാധ്യതയുള്ള ഇടങ്ങളിലും ക്യാമറ സൂക്ഷിക്കരുത്.
25. ക്യാമറ ബാഗിനുള്ളിൽ സിലിക്ക ജെല്ലുകൾ വയ്ക്കുന്നത് ഈർപ്പത്തിൽ നിന്ന് ക്യാമറയെ സംരക്ഷിക്കാൻ സഹായിക്കും.

## പൊതുവായി ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ

26. പ്രിന്റർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ഈർപ്പം തട്ടാത്ത വിധത്തിലും മഴ നനയാതെയും, പൊടി പിടിക്കാതെയും സൂക്ഷിച്ചു വെക്കേണ്ടതാണ്.
27. എച്ച്.ഡി.എം.ഐ. കേബിൾ (3 മീറ്റർ) അലമാരികളിൽ സൂക്ഷിക്കേണ്ടതാണ്.
28. ഐ/ഒ ബോക്സ്, എച്ച്.ഡി.എം.ഐ. ഫേസ് പ്ലേറ്റ് എന്നിവ പെയിന്റിംഗ്, അറ്റകുറ്റ പണികൾ നടക്കുമ്പോൾ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.
29. നെറ്റ്‌വർക്ക് റാക്ക് അടച്ചു സൂക്ഷിക്കേണ്ടതാണ്. ഇടിമിന്നൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പവർ കേബിൾ അഴിച്ചു വെക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
30. പ്രൊജക്ടർ സ്ക്രീൻ ഉപയോഗിക്കാത്തപ്പോൾ റോൾ ചെയ്ത്‌വെയ്ക്കേണ്ടതാണ്.
31. സ്കൂളിലെ ക്ലാസ് മുറികൾ മറ്റ് ആവശ്യങ്ങൾക്ക് നൽകേണ്ടിവന്നാൽ ഹൈടെക് ഉപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതാണ് (മൾട്ടിമീഡിയ പ്രൊജക്ടർ മൗണ്ട് ചെയ്ത്, ഹൈടെക് ഉപകരണങ്ങൾ നെറ്റ്‌വർക്ക് ചെയ്ത ക്ലാസ് മുറികൾ ക്യാമ്പുപോലെയുള്ള ഏതെങ്കിലും സ്കൂളിതര പ്രവർത്തനങ്ങൾക്ക് നൽകേണ്ടി വരുന്ന പക്ഷം പ്രൊജക്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

32. പരിശീലനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ കൃത്യമായി ലോഗ് രജിസ്റ്റർ/ഇഷ്യൂരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

33. ലാപ്ടോപ്പ്, മറ്റ് ഹൈടെക് ഉപകരണങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികൾക്ക് ഉപയോഗിക്കാവുന്നതാണ്.

34. സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങൾ അവധിക്കാലത്ത് ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും സ്കൂളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഐടി അഡ്വൈസറി കൗൺസിലിന്റെ മിനിറ്റ്സ് ബുക്കിലോ പ്രത്യേക റിപ്പോർട്ടായോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ